## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6576. 1.11. 2011-ൽ മറുപടിയ്ക്ക്

## ഗുണനിലവാരമില്ലാത്ത മരുന്നുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. വിജയദാസ്. | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ഗുണനിലവാരമില്ലാത്ത മരുന്നുകൾ കേരളത്തിൽ വിൽക്കപ്പെടുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് വിൽക്കപ്പെടുന്ന മരുന്നുകളിൽ നിന്ന് പ്രതി വർഷം നാലായിരത്തോളം സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയതിൽ ചില സാമ്പിളുകൾ ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുണ്ട്. (5% ൽ താഴെ) |
| (ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചതും സ്വീകരിക്കാനിരിക്കുന്നതുമായ നടപടികൾ വിശദീകരിക്കുമോ; | (ബി) രാജ്യത്ത് മരുന്നുകളുടെ ഉല്പാദനവും വിതരണവും വില്പനയും നിയന്ത്രിക്കുന്നത് കേന്ദ്ര ആക്ട് ആയ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ആക്ട് 1940ഉം, അതിൻകീഴിലുള്ള റൂൾസ് 1945-ഉം പ്രകാരമാണ്. നിർമ്മാണം പൂർത്തീകരിച്ചതിനുശേഷമുള്ള ഗുണ പരിശോധന വ്യവസ്ഥകൾ പാലിച്ചു മാത്രമെ അതാത് സംസ്ഥാനങ്ങളിലെ ഡ്രഗ്സ് കൺട്രോളർമാർ മരുന്നു നിർമ്മാണ ശാലകൾക്ക് ലൈസൻസ് അനുവദിക്കുകയുള്ളു. ഈ യൂണിറ്റുകൾ ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥിരമായി പരിശോധിച്ച് എല്ലാ നിയമങ്ങളും പാലിച്ചാണ് നിർമ്മാണം നടത്തുന്നത് എന്ന് ഉറപ്പു വരുത്തുന്നുണ്ട്. |
| (സി) ഡബ്ല്യൂ. എച്ച്. ഒ. യുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകൾ ഉല്പാദിപ്പിക്കുന്ന മരുന്നു കമ്പനികൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇനിയും സ്വീകരിക്കാനിരിയ്ക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വിശദീകരിക്കുമോ? | (സി) ഡബ്ല്യൂ. എച്ച്. ഒ നിരോധിച്ചിട്ടുള്ള മരുന്നുകൾ നമ്മുടെ രാജ്യത്ത് വിൽക്കപ്പെടേണ്ടതുണ്ടോ എന്നു തീരുമാനിക്കേണ്ടത് നമ്മുടെ രാജ്യത്തെ കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള Drugs Technical Advisory Board ആണ്. അപ്രകാരമെടുക്കുന്ന തീരുമാനം സംസ്ഥാനത്തും നടപ്പാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ